യെക്കൊണ്ട് അന്വേഷിപ്പിച്ച് അതിന്റെ കാരണങ്ങൾ അറിയണമെന്നുകൂടി ഞാനഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, എറണാകുളം ജില്ലയിൽ കോതമംഗലത്ത് പുതുപ്പാടിയിലുള്ള 'ഗ്രാമോക്സ് പേപ്പർ ആന്റ് ബോർഡ്സ്' എന്ന പ്രൈവറ്റ് കമ്പനിയിൽ പ്രവർത്തിച്ചിരുന്ന ആറ് സ്റ്റീം ഡ്രൈയിംഗ് സിലിണ്ടറുകൾ 15-5-199-ന് രാവിലെ പൊട്ടിത്തെറിച്ചു. ഇതിൽ രണ്ടുപേർ മരണപ്പെടുകയും 16 പേർക്ക് പരിക്കു പറ്റുകയും ചെയ്തു. പോലീസ് പാർട്ടി സ്ഥലത്തെത്തി രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഫോറൻസിക് വിദഗ്ദ്ധർ സംഭവസ്ഥലം പരിശോധിച്ചു. ഇത് സംബന്ധിച്ച് ക്രൈം 267/99-ാം നമ്പരായി കോതമംഗലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. സ്ഥലം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി.പി. രാമകൃഷ്ണപിള്ള സന്ദർശിച്ചതായിട്ടാണ് മനസ്സിലാക്കുന്നത്. മുഖ്യമന്ത്രിയുടെ ദിരിതാശ്വാസ നിധിയിൽനിന്നും അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കും പരിക്കുപറ്റിയവർക്കും സഹായം നൽകുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമുള്ളത് പിന്നീട് ഗവൺമെന്റ് നൽകുന്നതാണ്.

(3) മേലുകാവ് പഞ്ചായത്തിൽ കടയത്തൂർമലയിൽ സ്ഥിതിചെയ്യുന്ന വയർലെസ് സ്റ്റേഷന്റെ ശോച്യാവസ്ഥ

ശ്രീ. പി.സി. ജോർജ് : സർ, കോട്ടയം-ആലപ്പുഴ ജില്ലകളിലെ പോലീസ് വയർലെസ് സംവിധാനം നിയന്ത്രിക്കുന്ന സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് എന്റെ നിയോജകമണ്ഡലത്തിലുള്ള മേലുകാവ് പഞ്ചായത്തിലെ കടയത്തൂർ മലയുടെ മുകളിലാണ്. സമയക്കുറവുകൊണ്ട് മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയിലെ രണ്ടു വാചകങ്ങൾ മാത്രമേ ഞാൻ വായിക്കുന്നുള്ളൂ. "സമുദ്രനിരപ്പിൽനിന്നും 4300 അടി ഉയരത്തിലാണ് കടയത്തൂർ മല. ഏത് സമയവും ശക്തമായ മലങ്കാറ്റ് വീശുന്ന ഈ മലയുടെ ചരിവിൽ ഉണക്ക കമ്പ് ചേർത്ത് കെട്ടി ദ്രവിച്ച ആസ്ബസ്റ്റോസും പ്ലാസ്റ്റിക്കും കൊണ്ട് മറച്ച ഷെഡ്ഡ്, പഴയോല അടുക്കിയ ഭിത്തി. കമ്പുകൾ നീണ്ടുനിൽക്കുന്ന മേൽക്കൂര, കാറ്റിൽ അടർന്നു വീഴാതിരിക്കാൻ 12 കമ്പികൾ വലിച്ച് കെട്ടിയിട്ടുണ്ട്. മഴ പെയ്താൽ പൂർണ്ണമായും നനയുന്ന ഈ കൂരയ്ക്കുകീഴിൽ രണ്ടു വയർലെസ് സ്റ്റേഷനുകൾ" ഇത് മേലുകാവ് പഞ്ചായത്തിലെ കടയത്തൂർ മലയിലെ പോലീസ് വയർലെസ് സ്റ്റേഷന്റെ അവസ്ഥയാണ്. ഇവിടെയാണ് കോട്ടയം - ആലപ്പുഴ ജില്ലകളിലെ പോലീസ് വയർലെസ് സംവിധാനം നിയന്ത്രിക്കുന്നത്. 1970-ലാണ് ഇവിടെ വയർലെസ് സ്റ്റേഷൻ ആരംഭിച്ചത്. കാറ്റിൽനിന്നും രക്ഷപ്പെടാൻ വയർലെസ് ഉപകരണങ്ങളുടെ ചുടു തേടിവരുന്ന വിഷ പാമ്പുകൾ പോലീസുകാരുടെ ജീവനുതന്നെ ഭീഷണിയാകുന്നു. കസേരയിലും കിടക്കയിലും പത്രങ്ങൾക്കിടയിലും പാമ്പുകൾ ഒളിഞ്ഞിരിപ്പുണ്ടെന്ന് ഇവർ ഭീതിയോടെ പറയുന്നു. ഓരോ ജില്ലയിൽ നിന്നും നാലു ഓപ്പറേറ്റർമാർ വീതം എട്ടുപേരും കോട്ടയം എ.ആർ. ക്യാമ്പിൽ നിന്നുമുള്ള ഗാർഡുമാരും ഉൾപ്പെടെ 12 ജീവനക്കാർ ഇവിടെയുണ്ട്. എന്നാൽ അവർക്ക് പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല. ഞാൻ ഈ അടുത്ത കാലത്ത് ഉദ്യോഗസ്ഥന്മാരോടൊപ്പം കടയത്തൂർ മലയിലുള്ള ഈ സ്റ്റേഷൻ കാണുകയുണ്ടായി. 4300 അടി ഉയരത്തിലുള്ള വയർലെസ് സ്റ്റേഷനാണ്. അവിടെ ജോലിയെടുക്കുന്ന പോലീസുദ്യോഗസ്ഥന്മാർ എങ്ങനെ താമസിക്കുന്നുവെന്ന് സംശയമാണ്. ഇടിവെട്ടലും അതുപോലെതന്നെ വിഷപ്പാമ്പും കൊടുങ്കാറ്റുമുള്ള മേഖലയാണ്. പക്ഷേ അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കാൻ ഒരു കെട്ടിടം പണിയാൻപോലും കഴിഞ്ഞിട്ടില്ല. ആ നിലയ്ക്ക് എത്രയുംവേഗം അവരെ സംരക്ഷിക്കാൻ പ്രത്യേകിച്ച് കോട്ടയം, ഇടുക്കി ജില്ല കളിലുള്ള പോലീസ് സ്റ്റേഷനുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വയർലെസ് സ്റ്റേഷനിരിക്കുന്ന സ്ഥലമാണിത്. ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധ പതിയണ മെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കോട്ടയം, പൂഞ്ഞാർ മേലുകാവ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൂടയത്തൂർ പോലീസ് വയർലെസ് റിപ്പീറ്റർ സ്റ്റേഷനുവേണ്ടി ഒരു പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ആറു ലക്ഷം രൂപാ ചെലവിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച ആ കെട്ടിടത്തിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണ ജോലികളും വൈദ്യുതിയും കുടിവെള്ളവും എത്തിക്കുന്നതിനുള്ള ജോലികളും പൂർത്തിയാ യിവരുന്നു. ആയത് എത്രയുവേഗം പൂർത്തിയാക്കി റിപ്പീറ്റർ സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതാണ്.

(4) കുന്നിക്കോട് പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള നീർക്കുഴി വീട്ടിൽ നളിനാക്ഷിയുടെ സംശയാസ്പദമായ മരണം

ശ്രീ. കെ. പ്രകാശ് ബാബു : സർ, കുന്നിക്കോട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നടന്ന ഒരു കൊലപാതകത്തെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. പത്തനാപുരം മണ്ഡലത്തിലെ പട്ടാഴി പഞ്ചായത്തിൽ നീർക്കുഴി വീട്ടിൽ നളിനാക്ഷി എന്ന വീട്ടമ്മ 1997 ആഗസ്റ്റ് മാസത്തിലാണ് അതിക്രൂര മായി കൊല ചെയ്യപ്പെട്ടത്. അവരുടെ വീട്ടിനുള്ളിൽത്തന്നെ പൂർണ്ണ നഗ്നമായ മൃതദേഹം നാട്ടുകാരും അയൽവാസികളും ചേർന്ന് കണ്ടെത്തുകയായിരുന്നു. ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ഇതുവരേയും കുറ്റവാളികളെ കണ്ടെത്താനോ അറസ്റ്റ് ചെയ്യാനോ കഴിഞ്ഞിട്ടില്ല. ഞാൻ ഈ വിഷയം 1998 ജനുവരിയിൽ ഈ സഭയിൽ ഉന്നയിച്ചിരുന്നു. അന്ന് ലോക്കൽ പോലീസിന്റെ അന്വേഷണം നടക്കുകയാണ്, അത് കഴിയട്ടെ എന്ന് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി മറുപടി പറയുകയും ചെയ്തു. ഇപ്പോൾ രണ്ടു വർഷമായി. ഇതുവ രേയും ആരേയും അറസ്റ്റ് ചെയ്യാത്ത സാഹചര്യത്തിൽ ഈ കേസ് ക്രൈംബ്രാ ഞ്ചിന് വിട്ടുകൊടുക്കണമെന്നും കുറ്റവാളികളെ എത്രയുംവേഗം അറസ്റ്റ് ചെയ്യു ന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കൊല്ലം, പട്ടാഴി നീർക്കുഴി നളിനാക്ഷി അമ്മ 1997 ആഗസ്റ്റ് മാസം 29-ന് വീട്ടിൽ മരിച്ച നിലയിൽ കാണ പ്പെട്ടു. അതിനെ സംബന്ധിച്ച് കുന്നിക്കോട് പോലീസ് സ്റ്റേഷൻ ക്രൈം 208/97 നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ അവർ ധരിച്ചിരുന്ന 4 പവനോളം തൂക്കംവരുന്ന സ്വർണാഭരണം മോഷണം പോയതായി അറി യുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശ്വാസംമുട്ടി മരിച്ചതായി പറഞ്ഞിട്ടുണ്ട്. ഇതിനെത്തുടർന്ന് ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 302 ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ കൂട്ടിച്ചേർത്ത് അന്വേഷണം നടന്നുവരികയാണ്. കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ച് അന്വേഷണം ത്വരിതപ്പെടുത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly